## പതിനാലാം കേരള നിയമസഭ

### പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1994** **11.03.2020-ലെ മറുപടിക്ക്**

## <u>സർക്കാരിന്റെ ക്യാഷ് റിസർവ് പരിധി</u>

**<u>ചോദ്യം</u>** **<u>മറുപടി</u>**

**ശ്രീ.മഞ്ഞളാംകുഴി അലി**

**ഡോ. ടി.എം. തോമസ് ഐസക്**
**ധനകാര്യവും കയറും വകുപ്പുമന്ത്രി**

| | | |
|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാരിന് റിസർവ് ബാങ്കിൽ ഉണ്ടായിരിക്കേണ്ട ക്യാഷ് റിസർവ് പരിധി നിലനിർത്താൻ സാധിയ്ക്കാത്ത സാഹചര്യമുണ്ടായിട്ടുണ്ടോ; | കേന്ദ്ര സർക്കാർ സംസ്ഥാനത്തിന്റെ അംഗീകൃത വായ്പ വെട്ടിച്ചുരുക്കിയതും ചരക്ക് സേവന നികുതി നടപ്പിലാക്കിയപ്പോൾ വാഗ്ദാനം ചെയ്ത നഷ്ടപരിഹാരം ലഭ്യമാക്കുന്നത് അകാരണമായി വൈകിപ്പിക്കുന്നതും സംസ്ഥാനത്ത് ഈ സാമ്പത്തിക വർഷം ഗുരുതര സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചിരുന്നു. ടി ഘട്ടങ്ങളിൽ ആയത് തരണം ചെയ്യുന്നതിനായി സർക്കാർ നടപ്പ് സാമ്പത്തിക വർഷം ഓവർ ഡ്രാഫ്റ്റ് സംവിധാനം ഉപയോഗപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | എങ്കിൽ ഏതെല്ലാം കാലയളവിലാണ് ഇതിന് കഴിയാതിരുന്നിട്ടുള്ളതെന്നും നിലവിൽ എത്ര രൂപയാണ് ക്യാഷ് റിസർവ് പരിധിയായി നിശ്ചയിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ; | നിലവിലെ WAMS പരിധി 1215 കോടി രൂപയാണ്. 29.02.2020 വരെയുള്ള കണക്ക് പ്രകാരം ഈ സാമ്പത്തിക വർഷത്തിലെ മൂന്നാം പാദത്തിൽ ഇരുപത്തിമൂന്ന് തവണയും നാലാം പാദത്തിൽ ഏഴ് തവണയും സംസ്ഥാനം ഓവർ ഡ്രാഫ്റ്റ് സൗകര്യം പ്രയോജനപ്പെടുത്തിയിട്ടുണ്ട്. വകുപ്പുതല കണക്കുകൾ പ്രകാരം 4.41 കോടി രൂപ ഓവർ ഡ്രാഫ്റ്റിന് പലിശയായി നൽകിയിട്ടുണ്ട്. |
| (സി) | റിസർവ് നൽകിയ പരിധി കവിഞ്ഞ് ഓവർ ഡ്രാഫ്റ്റായ ദിവസങ്ങൾ ഏതൊക്കെയാണ്; ഇതിന് പലിശ നൽകേണ്ടി വന്നിട്ടുണ്ടോ; എങ്കിൽ എത്ര രൂപ ഈ ഇനത്തിൽ പലിശയായി നൽകേണ്ടി വന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | |

**സെക്ഷൻ ഓഫീസർ**